മാധ്യമം

02 July 2017

# കടൽസമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിന് കർമപദ്ധതി

**കൊച്ചി:** കടൽസമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കാനും സമുദ്ര ആവാസവ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയതലത്തിൽ കർമപദ്ധതി വരുന്നു. നിതി ആയോഗിന്റെ നിർദേശത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് -ഇന്ത്യയുടെ സഹകരണത്തോടെയാണ് കർമപദ്ധതി തയാറാക്കുന്നത്. കടൽസമ്പത്തിന്റെ സുസ്ഥിര വിനിയോഗത്തിലൂടെ സമുദ്ര ആവാസവ്യവസ്ഥയെ സംരക്ഷിക്കുകയും അതുവഴി ബ്ലൂ ഇക്കോണമി വികസിപ്പിക്കുകയുമാണ് ലക്ഷ്യം.

ഐക്യരാഷ്ട്ര സഭ തയാറാക്കിയ സുസ്ഥിര വികസനലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഈ കർമപദ്ധതി. ഇതിന് ദേശീയതലത്തിൽ ദ്വിദിന വിദഗ്ധസംഗമം ചൊവ്വ, ബുധൻ ദിവസങ്ങളിൽ സി.എം.എഫ്.ആർ.ഐയിൽ നടക്കും. എല്ലാ തീരദേശ സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കും. രണ്ടു ദിവസത്തെ ചർച്ചകളിലൂടെ കർമപദ്ധതിയുടെ കരട് ബുധനാഴ്ച തയാറാകും. നിതി ആയോഗ് അംഗം ഡോ. രമേശ് ചന്ദ്, ഉപദേശകൻ ഡോ. അശോക് ജയിൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് -ഇന്ത്യ പ്രോഗ്രാം ഡയറക്ടർ സേജൽ വോറ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകും.